| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 1998–1999 | 1927 | 913 | 1676 | 4516 |
| 1999–2000 | 2500 | 1073 | 2398 | 5971 |
| 2000–2001 | 2908 | 1276 | 3064 | 7248 |
| 2001–2002 | 2861 | 1626 | 3756 | 8243 |
| 2002–2003 | 3514 | 1840 | 5209 | 10563 |
| 2003–2004 | 4549 | 1933 | 7114 | 13596 |
| 2004–2005 | 6854 | 2520 | 9013 | 18387 |

(ബി) കണക്കുകൾ ശേഖരിച്ചു വരുന്നതായി എസ്. എൽ. ബി. സി. അറിയിക്കുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നതായി എസ്. എൽ. ബി. സി. അറിയിക്കുന്നു.

(ഡി) സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതി നിലവിലുണ്ട്. പ്രസ്തുത സമിതി മുഖേന സംസ്ഥാനത്ത് വിവിധ വകുപ്പുകൾവഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കും കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനും ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിന് ബാങ്കുകളെ പ്രേരിപ്പിക്കുന്നതിനും അതുവഴി വായ്പ-നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല ബാങ്കിംഗ് കോ-ഓർഡിനേഷൻ കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് വായ്പ-നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ദേശസാൽകൃത ബാങ്കുകളിലെയും സഹകരണ ബാങ്കുകളിലെയും നിക്ഷേപം**

29 [1859] *ശ്രീ. കെ. പി. മോഹനൻ:*
*ഡോ. കെ. സി. ജോസഫ്:*
*ശ്രീ. എ. സി. ഷൺമുഖദാസ്:*
*,, സി. കെ. നാണു:*
*ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിലെയും സഹകരണ ബാങ്കുകളിലെയും കഴിഞ്ഞ സാമ്പത്തിക വർഷത്തെ നിക്ഷേപം എത്രയാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ബാങ്കുകളിലെ നിക്ഷേപം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ നിക്ഷേപത്തിൽ എത്ര ശതമാനം കേരളത്തിന്റെ വ്യാവസായിക കാർഷിക വികസനമടക്കമുള്ള മേഖലകളിൽ വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ വികസനത്തിനായി ഏതെങ്കിലും മേഖലകളിൽ നിക്ഷേപം നടത്തുവാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനമായും ഏതെല്ലാം മേഖലകളിലേക്കാണെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ പുതിയ വായ്പകൾ അനുവദിച്ചു തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) എസ്. എൽ. ബി. സി. സഹകരണ സംഘം രജിസ്ട്രാറുടെ മറുപടി പ്രകാരം 2005 മാർച്ച് മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ ബാങ്കുകളിലെ നിക്ഷേപം താഴെ പറയും പ്രകാരമാണ്.

*(രൂപ കോടിയിൽ)*

| | | | |
|---|---|---|---|
| 1. | സ്റ്റേറ്റ് ബാങ്കുകൾ | .. | 22991 |
| 2. | ദേശസാൽകൃത ബാങ്കുകൾ | .. | 22220 |
| 3. | ഗ്രാമീണ ബാങ്കുകൾ | .. | 1753 |
| | മൊത്തം പൊതുമേഖലാ ബാങ്കുകൾ | .. | 46964 |
| 4. | സഹകാര്യ ബാങ്കുകൾ | .. | 22038 |
| 5. | വിദേശ ബാങ്കുകൾ | .. | 394 |
| | വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം | .. | 69396 |
| 6. | സഹകരണ ബാങ്കുകൾ | .. | 6305.86 |
| | **മൊത്തം നിക്ഷേപം** | .. | **75701.86** |

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്.എൽ.ബി.സി. യുടെ മറുപടി പ്രകാരം കണക്കുകൾ താഴെ കൊടുക്കുന്നു.

| | *വാണിജ്യ ബാങ്കുകളിലെ* | *തുക കോടിയിൽ* | *ശതമാനം* |
|---|---|---|---|
| 1. | കാർഷിക വായ്പ | 5803 | 14.17 |
| 2. | ചെറുകിട വ്യവസായ വായ്പ | 3128 | 7.64 |
| 3. | മറ്റു മുൻഗണനാ വായ്പ | 11972 | 29.24 |
| 4. | മൊത്തം മുൻഗണനാ വായ്പ | 20903 | 51.05 |
| 5. | മറ്റുതരം വായ്പകൾ | 20045 | 48.95 |
| | **മൊത്തം വായ്പ** | **40948** | **100.00** |

(സി) കാർഷിക മേഖല, പരമ്പരാഗത വ്യവസായ മേഖല, വിദ്യാഭ്യാസ മേഖല കുടുംബശ്രീ, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ മേഖലകളിൽ വായ്പാ തോത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതി മുഖേന ആവശ്യപ്പെടുന്നുണ്ട്

(ഡി) സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കുന്ന എല്ലാ സ്കീമുകൾക്കും ബാങ്കുകൾ വായ്പ നൽകി വരുന്നു. ഉദാ: കുടുംബശ്രീയുടെ ഭവനശ്രീ, കേരശ്രീ യുവശ്രീ മുതലായ പദ്ധതികൾക്ക് ബാങ്കുകൾ ആവശ്യാനുസരണം വായ്പകൾ അനുവദിച്ചു വരുന്നു എന്നും, കൂടാതെ എംപ്ലോയ്മെന്റ് വകുപ്പിന്റെ കെസ്റ സ്കീമിനും ബാങ്കുകൾ വായ്പ നൽകി വരുന്നതായി എസ്.എൽ.ബി.സി അറിയിക്കുന്നു. സഹകരണ ബാങ്കുകൾ പുതിയ വായ്പകൾ ഒന്നും തന്നെ അനുവദിച്ചു തുടങ്ങിയിട്ടില്ല എന്ന് അറിയിക്കുന്നു.

**അക്ഷയ തൃതീയ നാളിലെ സ്വർണ്ണ–രത്നക്കച്ചവടം**

30 [1860] *ശ്രീ എം. കെ. പോൾസൺ മാസ്റ്റർ:*

,, *ബി. വിജയകുമാർ:*

,, *വി. ഡി. സതീശൻ:*

,, *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ അക്ഷയ തൃതീയ നാളിൽ (2005 മേയ് 11–ാം തീയതി സംസ്ഥാനത്ത് എന്തു തുകയ്ക്കുള്ള സ്വർണ്ണവും രത്നവും കച്ചവടം നടന്നു;

(ബി) ആ ദിവസം സ്വർണ്ണ–രത്നക്കച്ചവടത്തിൽ നിന്ന് സംസ്ഥാനത്തിനു ലഭിച്ച നികുതി എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) & (ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly